പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3949 15.12.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യാത്രികർക്കായി ഇൻഷുറൻസ്സെസ്സ്

**ചോദ്യം**

ശ്രീമതി. പി. അയിഷാ പോറ്റി :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യാത്രികർക്കായി ഇൻഷുറൻസ് സെസ് ഏർപ്പെടുത്തുന്നതിന്റെ നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | (എ) | ഇക്കാര്യത്തിൽ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് സെസ്സ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി തയ്യാറാക്കിയ സ്കീം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഇൻഷുറൻസ് സെസ് ഏർപ്പെടുത്തുക വഴി കെ.എസ്.ആർ.ടി.സി യാത്രക്കാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | സാമൂഹിക സുരക്ഷാ സെസ് ഏർപ്പെടു ത്തുക വഴി യാത്രക്കാർക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ നൽകാനാണ് ഉദ്ദേശി ക്കുന്നത്. യാത്രക്കാർക്ക് Accidental Death, Accidental Hospitalisation, Accidental Treatment, Hospitalisation Cash Allowance, Baggage Allowance തുടങ്ങിയ വിവിധ തരത്തിലുള്ള ഇൻഷ്വറൻസ് കവറേജുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | എത്ര തുകയ്ക്ക് മുകളിലുള്ള ടിക്കറ്റിനാണ് ഇൻഷുറൻസ് സെസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; | (സി) | 25 രൂപ ടിക്കറ്റ് നിരക്കു മുതൽ യാത്ര ചെയ്യുന്ന യാത്രികരിൽ നിന്നും സെസ് ഇനത്തിൽ തുക ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത തുകയ്ക്ക് താഴെയുള്ള ടിക്കറ്റ് യാത്രികർക്ക് സെസിന്റെ ഭാഗമായ ആനുകൂല്യങ്ങൾ ലഭ്യമാകുമോ? | (ഡി) | എല്ലാ കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കും സെസിന്റെ ഭാഗമായുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ